## ഫിസിഷ്യൻ വിശേഷാൽ പതിപ്പുകൾ

ഫിസിഷ്യൻ മാസികയുടെ പ്രസിദ്ധീകരണം പോലെ തന്നെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണവും സാഹസികമായ ഒരു എടുത്തു ചാട്ടമായിരുന്നു. അഭമ്യമായ ഇച്ഛാ ശക്തിയും അണികളിലുള്ള വിശ്വാസവും ലക്ഷ്യപ്രാപ്തിക്കായി ക്ലേശം സഹിക്കുന്നതിനുമുള്ള ത്യാഗ സന്നദ്ധതയും മാത്രമായിരുന്നു കൈമുതൽ.

കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഒന്നിനൊന്ന് മെച്ചപ്പെട്ട ഒൻപത് വിശേഷാൽ പതിപ്പുകളും ആയുർവേദ ലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായി. ആദ്യത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോൽഘാടനം 1981 ൽ എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോം ആഡിറ്റോറിയത്തിൽ നടന്ന അസ്സോസിയേഷന്റെ പതിമൂന്നാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് ആയുർവേദ ഡയറക്ടർ ഡോ.എം.എസ്സ്. ശങ്കരനാരായണൻ കൊച്ചിൻ മേയർ ശ്രീ. കെ.ഇ നാരായണന് നൽകിക്കൊ് നിർവ്വഹിച്ചു. ആ വിശേഷാൽ പതിപ്പിൽ അർശ്ശോരോഗത്തെ ക്കുറിച്ചു സമഗ്രമായ ഒരു സിമ്പോസിയവും പഠനാർഹങ്ങളായ കേസ്സ് റിപ്പോർട്ടുകളുൾപ്പെടെ 45 ലേഖനങ്ങളും ഉൾക്കൊള്ളുന്നു. ഡമ്മി 1/4 സൈസിൽ 210 പേജുകൾ ഉായിരുന്നു.

രാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോൽഘാടനം 1982 ൽ തൃശ്ശൂർ ബിനി ടൂറിസ്റ്റ് ഹോം ആഡിറ്റോറിയത്തിൽ നടന്ന അസ്സോസ്സിയേഷന്റെ പതിനാലാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ആർ. സുന്ദരേശൻ നായരാണ് നിർവ്വഹിച്ചത്. ഈ വിശേഷാൽ പതിപ്പിലെ സിമ്പോസിയം ആമവാതം ആയിരുന്നു. 212 പേജുകളും 53 ലേഖനങ്ങളും ഈ വിശേഷാൽ പതിപ്പിലു്.

മൂന്നാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1984 ൽ കണ്ണൂർ സഫയർ ടൂറിസ്റ്റ് ഹോം ആഡിറ്റോറിയത്തിൽ വെച്ച് നടന്ന അസ്സോസിയേഷന്റെ പതിനഞ്ചാം സംസ്ഥാന സമ്മേളനത്തിൽ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എൻ.കെ.ബാലകൃഷ്ണൻ നിർവ്വഹിച്ചു. ഈ വിശേഷാൽ പതിപ്പിലെ സിമ്പോസിയം തമകശ്വാസം ആയിരുന്നു. 55 ലേഖനങ്ങൾക്കുള്ള ഈ പതിപ്പിൽ 292 പേജുകളു്.

നാലാമത്തെ വിശേഷാൽ പതിപ്പിലെ സിമ്പോസിയം പ്രമേഹം ആയിരുന്നു. 266 പേജുകളും 51 ലേഖനങ്ങളും ഉൾക്കൊള്ളുന്ന ഈ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1985 ൽ എറണാകുളം മാതാ ടൂറിസ്റ്റ് ഹോം ആഡിറ്റോറിയത്തിൽ നടന്ന അസ്സോസിയേഷന്റെ പതിനാറാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് ആയുർവേദ ഡയറക്ടർ ഡോ. സി.എ.രാമൻ നിർവ്വഹിച്ചു.

അഞ്ചാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1987 ൽ തിരുവനന്തപുരത്ത് ബാങ്ക് എംപ്ലോയീസ് യൂണിയൻ ആഡിറ്റോറിയത്തിൽ നടന്ന അസ്സോസ്സിയേഷന്റെ പതിനേഴാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് തിരുവനന്ത പുരം ആയുർവേദ കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ.ബി. വിജയലക്ഷ്മി അമ്മ യാണ് നിർവ്വഹിച്ചത്. ഈ വിശേഷാൽ പതിപ്പിൽ അതിസാരത്തെക്കുറിച്ച് ഒരു സിമ്പോസിയവും എയ്ഡ്സിനെക്കുറിച്ച് ഒരു സിമ്പോസിയവും അൻപത് ലേഖന ങ്ങളും 362 പേജുകളു്.

ആറാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1991 ൽ തൃശ്ശൂർ റീജിയണൽ തീയേറ്ററിൽ നടന്ന അസ്സോസ്സിയേഷന്റെ പത്തൊൻപതാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എ. സി.ഷൺമുഖദാസ് നിർവ്വഹിച്ചു. കാസരോഗ ത്തെക്കുറിച്ചുള്ള സിമ്പോസിയവും അൻപത് ലേഖനങ്ങളും 344 പേജുകളും ഈ വിശേഷാൽ പതിപ്പിലു്.

ഏഴാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1993 ൽ എറണാകുളം ആശിർഭവനിൽ നടന്ന അസ്സോസിയേഷന്റെ ഇരുപതാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് നിയമ സഭാ സ്പീക്കറായിരുന്ന ശ്രീ.പി. പി. തങ്കച്ചൻ അഡീ ഷണൽ അഡ്വക്കേറ്റ് ജനറലായിരുന്ന ശ്രീ.സിറിയക് ജോസഫിന് നൽകി നിർവ്വ ഹിച്ചു. (അന്ന് വിശേഷാൽ പതിപ്പ് ഏറ്റുവാങ്ങി ആശംസകൾ അർപ്പിച്ച് ഫിസി ഷ്യനെ അനുഗ്രഹിച്ച പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിലെ ബഹുമാ നപ്പെട്ട ജഡ്ജിയാണ്.) വാതരക്തത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു സിമ്പോസി യവും അൻപത്തി എട്ട് ലേഖനങ്ങളും 420 പേജുകളും ഈ വിശേഷാൽ പതിപ്പിലു ്.

എട്ടാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 1998 ൽ മലപ്പുറം ജില്ലയിലെ തിരൂർ ട്രസ്റ്റ് പ്ലാസ്സാ ആഡിറ്റോറിയത്തിൽ നടന്ന അസ്സോസി യേഷന്റെ ഇരുപത്തിമൂന്നാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് പത്മശ്രീ. ഡോ.പി. കെ. വാര്യർ നിർവ്വഹിച്ചു. ഫിസിഷ്യന്റെ രജത ജൂബിലിപ്പതിപ്പെന്ന സവിശേഷ പ്രാധാന്യം ഈ വിശേഷാൽ പതിപ്പിനു്. പക്ഷാഘാതത്തെക്കുറിച്ചു സമഗ്രമായ സിമ്പോസിയവും അറുപത് ലേഖനങ്ങളും 530 പേജുകളുമുള്ള ഈ വിശേഷാൽ പതിപ്പ് അക്ഷരാർത്ഥത്തിൽ ഒരു സുഹൃത്തായ പ്രസിദ്ധീകരണമാണ്.

ഒമ്പതാമത്തെ വിശേഷാൽ പതിപ്പിന്റെ പ്രസിദ്ധീകരണോദ്ഘാടനം 2008 ൽ കോഴിക്കോട്..........................................................ഓഡിറ്റോറിയത്തിൽ നടന്ന അസ്സോസിയേഷന്റെ മുപ്പതാം സംസ്ഥാന സമ്മേളനത്തിൽ വെച്ച് വനം വകുപ്പ് മന്ത്രി ശ്രീ. ബിനോയ് വിശ്വം നിർവ്വഹിച്ചു. കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡി ക്കൽ ഓഫീസേഴ്സ് അസ്സോസ്സിയേഷന്റെ സുവർണ്ണ ജൂബിലിപ്പതിപ്പെന്ന അപൂർവ്വ

പ്രാധാന്യം ഈ വിശേഷാൽ പതിപ്പിനുണ്ട്. ഈ രോഗത്തെക്കുറിച്ച് സമഗ്രമായ സിമ്പോസിയവും നാൽപ്പത്തി ഒമ്പത് ലേഖനങ്ങളും 424 പേജുകളും ഈ വിശേഷാൽ പതിപ്പിനുണ്ട്.

ഫിസിഷ്യന്റെ ആറാമത്തെ വിശേഷാൽ പതിപ്പ് ഫിസിഷ്യന്റെ ഉത്തമ സുഹൃത്തും രണ്ട് ദശാംബ്ദക്കാലം മുഴുവൻ ഫിസിഷ്യന്റെ താളുകളിലും വായനക്കാരുടെ മനസ്സുകളിലും നിറഞ്ഞുനിന്നിരുന്ന അകാലത്തിൽ അന്തരിച്ച ഡോ. ആർ.വാസുദേവൻ നായരുടേയും ഏഴാമത്തെ വിശേഷാൽ പതിപ്പ് അസ്സോസ്സിയേഷന്റെ ആത്മാവിന്റെ അവിഭാജ്യ ഭാഗമായിരുന്ന ഡോ.എം.മാധവന്റേയും ഒൻപതാമത്തെ വിശേഷാൽ പതിപ്പ് അർപ്പണ ബോധത്തോടെ അസ്സോസിയേഷന് അനിഷേധ്യ നേതൃത്വം വഹിച്ചിരുന്ന മുൻസംസ്ഥാന പ്രസിഡന്റായിരുന്ന ഡോ.തൊടിയൂർ ശാർങ്ധരന്റേയും പാവന സ്മരണയ്ക്കാണ് സമർപ്പിച്ചിട്ടുള്ളത്. കേരളത്തിലെ പ്രഗത്ഭരായ ആയുർവേദ പണ്ഡിതന്മാരും ചികിത്സകരുമെല്ലാം ഫിസിഷ്യന്റെ വിശേഷാൽ പതിപ്പുകളിൽ അണി നിരന്നിട്ടു്.

## ഫിസിഷ്യൻ വിശേഷാൽ പതിപ്പുകളുടെ ചീഫ് എഡിറ്റർമാർ

| | | | |
|---|---|---|---|
| (1) | 1980 | - | ഡോ.കെ.സുരേന്ദ്രൻ നായർ |
| (2) | 1982 | - | ഡോ.മറ്റക്കര രാമചന്ദ്രൻ നായർ |
| (3) | 1984 | - | ഡോ.കെ.സുരേന്ദ്രൻ നായർ |
| (4) | 1986 | - | ഡോ.മറ്റക്കര രാമചന്ദ്രൻ നായർ |
| (5) | 1987 | - | ഡോ.കെ.സുരേന്ദ്രൻ നായർ |
| (6) | 1991 | - | |
| (7) | 1993 | - | |
| (8) | 1997 | - | ഡോ.എം.പി.മിത്ര |
| (9) | 2008 | - | ഡോ.കെ.എം.മാധവൻ |